പീലിക്കോട് കാർഷിക സംസ്കാര പഠന കേന്ദ്രം

61 (4100) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഒരു കാർഷിക സംസ്കാര പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരുടെ നാമധേയത്തിലാണ് സാംസ്കാരിക കേന്ദ്രം സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) സാംസ്കാരിക കേന്ദ്രം സ്ഥാപിച്ചതുമുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സ്ഥാപിച്ചിട്ടുണ്ട്.

(ബി) ശ്രീ. സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ നാമധേയത്തിൽ.

(സി) ഈ കേന്ദ്രം 19-1-2001-ൽ അന്നത്തെ കൃഷി മന്ത്രി ഉത്ഘാടനം ചെയ്തു. തിരുമുമ്പിന്റെ ഭവനം ഇതിനായി നവീകരിച്ചു. അദ്ദേഹത്തിന്റെ പഠന സാമഗ്രികളും അദ്ദേഹം ഉപയോഗിച്ചിരുന്ന ചില സാധനങ്ങളും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. കാർഷിക പഴഞ്ചൊല്ലുകളും പഴമകളും നാടൻ പാട്ടുകളും ശേഖരിച്ചു വയ്ക്കുന്നതിനും മ്യൂസിയവും മറ്റും സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ രൂപകല്പന ചെയ്ത് വിവിധ ഏജൻസികളുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി കേരളത്തിൽ ആരംഭിച്ച ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് പ്രോഗ്രാം

62 (4101) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകു :

(എ) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി കേരളത്തിൽ ആരംഭിച്ച കേരള ഹോർട്ടികൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാം എന്നാണ് തുടങ്ങിയത് ; ഇതിന് എത്ര തുക വിദേശ സാമ്പത്തിക സഹായം ലഭിച്ചു എന്നും എത്ര തുക സംസ്ഥാന സർക്കാരിന്റെ വിഹിതമായി മുടക്കിയെന്നും വിശദമാക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം കർഷകർക്ക് എത്ര തുക വീതം വായ്പയായി നൽകിയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ എത്രയാണെന്നും വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതി നവീകരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഫ്രൂട്ട്, വെജിറ്റബിൾ പ്രൊമോഷൻ കൗൺസിലിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ കൗൺസിൽ വഴി എത്ര തുക കർഷകർക്ക് വായ്പയായി നൽകിയെന്നും വെളിപ്പെടുത്താമോ ; ഇത്തരം വായപയെടുത്ത കർഷകർക്ക് വരൾച്ച, പ്രകൃതി ക്ഷോഭം, കീടരോഗബാധ എന്നിവ മൂലവും വിപണിയിലെ തകർച്ച മൂലവും ഉണ്ടായിട്ടുള്ള നഷ്ടം നികത്തുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(എഫ്) വായ്പയെടുത്ത ചെറുകിട കർഷകരുടെ നഷ്ടം പരിഗണിച്ചു വായ്പ തുക തിരിച്ചടയ്ക്കുന്നതിൽ നിന്നും സർക്കാർ ഇളവ് അനുവദിക്കുമോ ?

ഉത്തരം

(എ) കേരള ഹോർട്ടികൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാം 1993-ൽ ആണ് തുടങ്ങിയത്. യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക സഹായമായി 93.82 കോടി രൂപ ലഭിച്ചു. കേരള സർക്കാരിന്റ വിഹിതമായി 30.58 കോടി രൂപ മുടക്കിയിട്ടുണ്ട്.

(ബി) കെ. എച്ച്.ഡി.പി. പദ്ധതി വഴി 1994 മുതൽ 2001 വരെ കർഷകർക്ക് വായ്പ നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർത്തിരിക്കുന്നു.

ജില്ല	പുതിയ കർഷകർ	പുതിയ ലോൺ (രൂപ)
തിരുവനന്തപുരം	3658	70405100
എറണാകുളം	4740	113890091
കോട്ടയം	3792	62038000
പാലക്കാട്	2379	63445200
ആലപ്പുഴ	72	1137000
തൃശ്ശൂർ	3775	86640611
മലപ്പുറം	2139	39912634
കോഴിക്കോട്	711	14158982

(സി) 1. ലളിതവും ഫലപ്രദവുമായ സമ്പ്രദായത്തിലൂടെ സാങ്കേതിക വിദ്യ കൈമാറ്റം നടത്തുക.

2. ശാസ്ത്രീയ രീതിയിൽ സ്വീകരിച്ച് കുറഞ്ഞ ചെലവിൽ ഉയർന്ന ഉല്പാദന ക്ഷമതയോടെ കൂടുതൽ വിളവുണ്ടാവുക.

3. കർഷകർ, കച്ചവടക്കാർ, ഉല്പാദകർ എന്നിങ്ങനെ ബന്ധപ്പെട്ടു വരുന്ന എല്ലാവർക്കും സ്വീകാര്യമായ മെച്ചപ്പെട്ട വിപണന സമ്പ്രദായത്തിലൂടെ വിപണികൾ ശക്തമാക്കുകയും കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുകയും ചെയ്യുക.

4. ജൈവ മാർഗ്ഗങ്ങളവലംബിച്ചുള്ള സുസ്ഥിര കാർഷിക വികസനം.

LIBRARY ARCHIVES Kerala Legislative Assembly

5. കൃഷിക്ക് വായ്പാ സഹായം ലഭ്യമാക്കുന്നതിനോടൊപ്പം കർഷകർക്ക് ഇൻഷ്വറൻസ് സുരക്ഷ ലഭ്യമാക്കുക.

6. കാർഷിക കയറ്റുമതി മേഖലയിലെ സാധ്യതകൾ കർഷകർക്ക് നേട്ടമുണ്ടാകുന്ന വിധത്തിൽ പ്രയോജനപ്പെടുത്തുക.

7. കർഷകരുടെ ഐക്യവും കെട്ടുറപ്പും വർദ്ധിപ്പിക്കുന്ന മേളകളും കർഷക സംഗമങ്ങളും നടത്തുക.

(ഡി&ഇ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2002-2003) 1356 കർഷകർക്ക് 3.01 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ഇത്തരം വായ്പയെടുത്ത വാഴ കർഷകർക്ക് വരൾച്ച, പ്രകൃതിക്ഷോഭം, കീടരോഗബാധ എന്നിവമൂലം ഉണ്ടാകുന്ന നഷ്ടങ്ങൾ നികത്തുന്നതിന് ഉതകുന്ന ഇൻഷ്വറൻസ് പദ്ധതിയുണ്ടെന്റ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് വി. എഫ്. പി. സി. കെ. നടപ്പാക്കുന്നു. കർഷക വിപണികളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്ന സംവിധാനവും നിലവിലുണ്ട്.

(എഫ്) വി. എഫ്. പി. സി. കെ. ചെറുകിട കർഷകർക്ക് വായ്പ നൽകുന്നതിന് വേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. 5 ദേശസാൽകൃത ബാങ്കുകളുമായി ഏർപ്പെട്ടിരിക്കുന്ന ഉടമ്പടി പ്രകാരം വായ്പ നൽകുന്നതിന് അനുപാതമായി 60 ശതമാനം തുക ഫിക്സഡ് ഡെപ്പോസിറ്റായി ഈ ട്രസ്റ്റ് 5 വർഷത്തേയ്ക്ക് നിക്ഷേപിക്കുന്നു. ഈ നിക്ഷേപം വായ്പ നൽകുന്ന ബാങ്കുകൾക്ക് ഒരു പ്രോൽസാഹനമായിട്ടാണ് നൽകുന്നത്. വായ്പയ്ക്കുള്ള ഈടെന്ന നിലയിലല്ല ഇത് നൽകുന്നത്. പുതിയ വായ്പ നൽകുന്നതോടൊപ്പം പഴയ വായ്പ പുതുക്കുവാനുള്ള അവസരം വി. എഫ്. പി. സി. കെ. കർഷകർക്ക് ലഭിക്കുന്നു.

സംസ്ഥാനത്ത് നിലവിലുള്ള ഇ. ഇ. സി. മാർക്കറ്റുകൾ

63 (4102) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നിലവിലുള്ള ഇ. ഇ. സി. മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടിക്കളടുത്തു എന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും മാർക്കറ്റിന്റെ പണി പൂർത്തിയാക്കി കെട്ടിടങ്ങൾ സർക്കാരിന് കൈമാറിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കർഷകർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, മലച്ചരക്ക് എന്നിവ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി പ്രസ്തുത മാർക്കറ്റുകൾ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly